**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4582** **19-03-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പാറശ്ശാല മണ്ഡലത്തിലെ എത്ര നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും എ.കെ.ജി ഗ്രാമം, മലഞ്ചുറ്റ് ഗ്രാമം എന്നിവയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എ.കെ.ജി ഗ്രാമം നവീകരണത്തിനായി 99,00,755/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭവന പുനരുദ്ധാരണം -17 എണ്ണം, ഹൈമാസ്റ്റ് ലൈറ്റ്, നടപ്പാത കോൺക്രീറ്റ്, compound wall & roofwork at graveyard, ഡ്രെയിനേജ് വർക്ക് എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഭവന പുനരുദ്ധാരണം പുരോഗതിയിലാണ്. മലഞ്ചുറ്റ് ഗ്രാമം നവീകരണത്തിനായി 96,38,034/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭവന പുനരുദ്ധാരണം - 16 എണ്ണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ് വർക്ക്, ഡ്രെയിനേജ്, പൊതുകിണർ നവീകരണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഭവന നവീകരണം 8 വീടുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഓരോ നഗറിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോ നഗറിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര നഗറുകളിൽ പദ്ധതി പൂർത്തിയായെന്ന് വിശദമാക്കാമോ; | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പദ്ധതി പൂർത്തീകരിക്കാത്ത നഗറുകളിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ഡി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | മുഴുവൻ നഗറുകളിലും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ